LIBRARY ARCHIVES Kerala Legislative Assembly

സെക്രട്ടേറിയറ്റ് സബ് ട്രഷറിയുടെ പ്രവർത്തനം

183 (249) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റ് സബ് ട്രഷറി എന്നാണ് സ്ഥാപിതമായത് എന്ന് വ്യക്തമാക്കുമോ ;

(ബി) സെക്രട്ടേറിയറ്റ് സബ് ട്രഷറി ആരംഭിച്ചപ്പോൾ പെൻഷൻ വിതരണം ഒഴിവാക്കിയാണോ ആരംഭിച്ചത് ; അല്ലെങ്കിൽ എന്തുകൊണ്ടാണ് പെൻഷൻ വിതരണം നടത്തുവാനായി പ്രത്യേക ഉത്തരവ് 2004-ൽ പുറപ്പെടുവിച്ചത് എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സർക്കാർ ഉത്തരവിലൂടെ, സ്റ്റാറ്റ്യൂട്ടറി റൂളിനും ട്രഷറി കോഡിനും വിരുദ്ധമായി സെക്രട്ടേറിയറ്റ് സബ് ട്രഷറിയിൽ നിന്നും അടിസ്ഥാന പെൻഷൻ സ്ലാബ് ഏർപ്പെടുത്തി ഉത്തരവായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും ഇങ്ങനെ ഉത്തരവ് പുറപ്പെടുവിക്കാൻ ഉദ്യോഗസ്ഥർക്ക് അധികാരമുണ്ടോയെന്നും വ്യക്തമാക്കുമോ ;

(ഡി) ഇല്ലെങ്കിൽ ഈ ഉത്തരവ് പിൻവലിക്കുവാൻ എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 24-7-1999-ലെ ജി.ഒ.(ആർ‌ടി.) നമ്പർ 4623/99/ധന ഉത്തരവ് പ്രകാരം 1-1-2000-ലാണ് സെക്രട്ടേറിയേറ്റ് സബ് ട്രഷറി സ്ഥാപിതമായത്.

(ബി) അതെ

(സി) സെക്രട്ടേറിയറ്റ് സബ് ട്രഷറിയുടെ അടിസ്ഥാന സൗകര്യമില്ലായ്മയും സുരക്ഷാപരിമിതിയും കണക്കിലെടുത്താണ് 23-6-2004-ലെ ജി.ഒ. (ആർ‌ടി.) നമ്പർ 4336/04/ധന ഉത്തരവുപ്രകാരം പെൻഷൻ വിതരണം അടിസ്ഥാന പെൻഷൻ 5,000 രൂപയ്ക്ക് മുകളിലുള്ളവർക്കു മാത്രമായി പരിമിതപ്പെടുത്തിയത്. കൂടാതെ ജോലിയും ഉത്തരവാദിത്വവും നിശ്ചയിക്കുന്നതിനും ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനുമുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്.

(ഡി) ബാധകമല്ല.

ട്രഷറി നിക്ഷേപത്തിനനുസരിച്ച് വികസന പ്രവർത്തനങ്ങൾക്ക് അനുവദിക്കുന്ന തുക

184 (250) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എംഎൽഎ.മാർ ക്യാൻവാസ് ചെയ്യുന്ന ട്രഷറി സ്ഥിര നിക്ഷേപങ്ങളുടെ എത്ര ഇരട്ടി തുകയാണ് എം.എൽ.എ.മാർ നിർദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ ;